പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1832 05.02.2019-ലെ മറുപടിക്ക്

## ലോ ഫ്ളോർ ബസുകളിൽ വീൽചെയർ ലോക്കിംഗ് സൗകര്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

<table>
<tr><td>(എ)</td><td>ലോ ഫ്ളോർ ബസുകളിൽ വീൽ ചെയർ യാത്രികർക്ക് വീൽചെയർ ലോക്കിംഗ് സൗകര്യം ഉണ്ടായിരുന്ന സ്ഥലത്ത് സീറ്റുകൾ സ്ഥാപിച്ചതുമൂലം ഭിന്നശേഷിക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td><td>(എ)</td><td>വരുമാനവർദ്ധനവിനും സമഗ്ര പുനരുദ്ധാരണത്തിന്റെയും ഭാഗമായി കൂടുതൽ യാത്രക്കാരെ ബസ്സുകളിൽ ഉൾക്കൊള്ളിക്കുന്നതിനായി സീറ്റുകൾ ക്രമീകരിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ഇതുമൂലം വീൽ ചെയറിൽ യാത്ര ചെയ്ത് വന്നിരുന്ന യാത്രക്കാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>എങ്കിൽ ഇതുപരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ;</td><td rowspan="2">(ബി) യും (സി) യും</td><td rowspan="2">ഇത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. ലഭ്യമായ പരാതികളിൻമേൽ അന്വേഷണം നടത്തി കോർപ്പറേഷനും, യാത്രക്കാർക്കും ഗുണകരമാകുന്ന രീതിയിൽ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.</td></tr>
<tr><td>(സി)</td><td>ഇതുസംബന്ധിച്ച് ആൾ കേരള വീൽചെയർ റൈറ്റ്സ് ഫെഡറേഷൻ സമർപ്പിച്ച നിവേദനത്തിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?</td></tr>
</table>

**സെക്ഷൻ ഓഫീസർ**